**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 442** **23-06-2026-ൽ മറുപടിയ്ക്ക്**

# <u>ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ</u>

<u>**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**</u> <u>**മറുപടി നൽകിയ മന്ത്രി**</u>

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് കോട്ടയം ജില്ലയിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

<u>**മറുപടി:**</u> മുൻ സർക്കാരിന്റെ കാലത്ത് കോട്ടയം ജില്ലയിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിച്ചിട്ടില്ല. എന്നാൽ, സ്വകാര്യ വ്യവസായ പാർക്ക് പദ്ധതിയിൽ കോട്ടയം ജില്ലയിൽ 8 വ്യവസായ പാർക്കുകൾക്ക് ഡവലപ്പർ പെർമിറ്റ് നൽകുകയും ആയതിൽ 6 എണ്ണം വ്യവസായ പ്രദേശമായി പ്രഖ്യാപിച്ച സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ക്യാമ്പസ് വ്യവസായ പാർക്ക് പദ്ധതിയിൽ 2 വ്യവസായ പാർക്കുകൾക്ക് ഡവലപ്പർ പെർമിറ്റ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>1. സ്വകാര്യ വ്യവസായ പാർക്ക്</u>

1. മെ. ഇന്ത്യൻ വെർജിൻ സ്പൈസസ് (പ്രൈ) ലിമിറ്റഡ് കൂവപ്പള്ളി കാഞ്ഞിരപ്പള്ളി -വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്.

2. മെ ജേക്കബ് & റിച്ചാർഡ് ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് - ഭരണങ്ങാനം പാലാ - വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്.

3. മെ. സാൻസ് സ്റ്റെറിലെസ് പ്രൈവറ്റ് ലിമിറ്റഡ് മൂന്നിലവ് പാലാ - വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്.

4. മെ. കെ -ബോർഡ് പാനൽ പ്രൊഡക്ഷൻ പ്രൈവറ്റ് ലിമിറ്റഡ്, കാഞ്ഞിരപ്പള്ളി - വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്.

5. മെ. കെ -ബോർഡ് വുഡ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, കാഞ്ഞിരപ്പള്ളി വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്.

6. മെ. കെ -ബോർഡ് റബ്ബർ ഫാക്ടറി പ്രൈവറ്റ് ലിമിറ്റഡ്, കാഞ്ഞിരപ്പള്ളി വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്.

7. മെ. യു പി ആർ ഇൻഡസ്ട്രിയൽ പാർക്ക്, കാഞ്ഞിരപ്പള്ളി ഡെവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.

8. മെ. എം 5 ഗ്രീൻ പ്രൈവറ്റ് ലിമിറ്റഡ്, എലിക്കുളം- ഡെവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.

<u>2 ക്യാമ്പസ് വ്യവസായ പാർക്ക്</u>

1. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പൂഞ്ഞാർ തെക്കേക്കര-ഡെവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.

2.സെയിന്റ് ഗിറ്റ്സ് ഇന്നൊവേഷൻ ആൻഡ് ഇൻകുബേഷൻ കൗൺസിൽ, പനച്ചിക്കാട് കോട്ടയം -ഡെവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.

കൂടാതെ, കേരളത്തിലെ പ്രകൃതിദത്ത റബ്ബർ അധിഷ്ഠിത വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി, കോട്ടയത്ത് വെള്ളൂരിലുള്ള (വൈക്കം താലൂക്ക്) 157.04 ഏക്കർ ഭൂമി, കേരള സർക്കാർ വ്യവസായ വകുപ്പിന് കീഴിൽ കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് മാതൃകയിൽ രൂപീകരിച്ച കമ്പനിയായ കേരള റബ്ബർ ലിമിറ്റഡ് (KRL) ന്റെ പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

**(ബി)** ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കാൻ ഉള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ G.O(Rt) No.732/2017/ID dated 24.05.2017 പ്രകാരമാണ് നടപ്പിലാക്കുന്നത്. പാർക്ക് സ്ഥാപിക്കുന്നതിന് ജനപ്രതിനിധികളോ ഡിപ്പാർട്ട്മെന്റ് പ്രതിനിധികളോ ജില്ലാ കളക്ടറോ നിർദ്ദേശിക്കുന്ന സ്ഥലം, ജില്ലയിലെ വ്യവസായ സൈറ്റ് സെലക്ഷൻ കമ്മറ്റിയ്ക്ക് സ്ഥലത്തിന്റെ അനുയോജ്യത പരിശോധിക്കുന്നതിന് കൈമാറുകയാണ് ചെയ്യുന്നത്. കമ്മറ്റിയുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പാർക്ക് നിർമ്മിക്കുന്നതിന് സർക്കാർ അനുമതി നൽകുന്നത്. അനുമതി ലഭിക്കുന്ന മുറയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങളുമായി മുന്നോട്ട് പോകുകയും, പിന്നീട് സ്ഥലം ലഭ്യമായ ശേഷം പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യുന്നു.

**(സി)** ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പദ്ധതികൾ പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നന്നതിനുള്ള പദ്ധതികൾ നിലവിൽ ഇല്ല.

**സെക്ഷൻ ഓഫീസർ**